**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1782** **31-08-2022 - ൽ മറുപടിയ്ക്ക്**

**മുതിർന്ന പൗരന്മാരുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച കഴിഞ്ഞ രണ്ട് വർഷത്തെ കണക്കുകൾ വ്യക്തമാക്കാമോ; | (എ) | പ്രസ്തുത വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് പ്രത്യേക പരിശോധനകൾ നടത്തിയിട്ടില്ല. എന്നാൽ വകുപ്പിന് കീഴിലുള്ള ചുവടെ ചേർക്കുന്ന രണ്ട് സുപ്രധാന പദ്ധതികളിലൂടെ സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്ക് സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>**1. മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007**<br><br>ഈ നിയമ പ്രകാരം 2020-21 വർഷത്തിൽ അതിക്രമങ്ങളുൾപ്പെടെയുള്ള 3316 കേസുകൾ ലഭിക്കുകയും 2287 കേസുകൾ തീർപ്പാക്കിയിട്ടുമുണ്ട്. 2021-22 വർഷത്തിൽ 4435 കേസുകൾ ലഭ്യമാവുകയും മുൻവർഷത്തേതുൾപ്പെടെ 5195 കേസുകൾ തീർപ്പാക്കിയിട്ടുമുണ്ട്.<br><br>**2.നാഷണൽ ഹെൽപ്പ് ലൈൻ ഫോർ സീനിയർ സിറ്റിസൺ**<br><br>എൽഡർ ലൈൻ പദ്ധതി സംസ്ഥാനത്തു പ്രവർത്തനം ആരംഭിച്ച 01.10.2021 മുതൽ 24.08.2022 വരെ എൽഡർ ലൈനിൽ 30,363 കാളുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ മുതിർന്ന പൗരന്മാർക്ക് നേരെയുള്ള അതിക്രമവുമായി ബന്ധപ്പെട്ട് 623 പരാതികൾ ഉണ്ടായിരുന്നു. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന എൽഡർ ലൈനിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന എൽഡർ ലൈനിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>എൽഡർ ലൈനിൽ ലഭ്യമാകുന്ന കാളുകളുടെ ആവശ്യകത അനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാനായി 2 ജില്ലകൾക്കായി 1 ഫീൽഡ് റെസ്പോൺസ് ഓഫീസർ എന്ന നിലക്ക് 7 ഫീൽഡ് |

| | | | |
|---|---|---|---|
| | | | റെസ്പോൺസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. എൽഡർ ലൈനിന്റെ പ്രവർത്തനങ്ങളും സേവനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി കമ്മ്യൂണിറ്റി മീറ്റിംഗുകൾ Stake holders മീറ്റിംഗുകൾ എന്നിവ എല്ലാ ജില്ലകളിലും നടത്തി വരുന്നുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിലും കുടുംബശ്രീ അംഗങ്ങൾക്കും അങ്കണവാടി ജീവനക്കാർക്കും പ്രത്യേകമായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. എൽഡർ ലൈനിന്റെ സേവനങ്ങളെ കുറിച്ചുള്ള അവബോധ ക്ലാസ് കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള ബീറ്റ് പോലീസ് ഓഫീസർമാർക്കായി നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, അഗ്നി രക്ഷാ വകുപ്പ്, വനിത-ശിശു വികസന വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ വകുപ്പുകളുമായി നിരന്തരം ബന്ധപ്പെട്ടു എൽഡർ ലൈൻ പ്രവർത്തനം വിപുലീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, മറ്റു ദീർഘകാല പരിചരണ കേന്ദ്രങ്ങൾ എന്നിവയിൽ മുതിർന്ന പൗരന്മാർക്ക് സംരക്ഷണം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ